# ഭീകരത: അമേരിക്കയോളം മറ്റാർക്കും പങ്കില്ല: മായൻ കുട്ടി മേത്തർ

ദുബൈ: ഭീകരത ഉൽപാദിപ്പിക്കുന്നതിലും പ്രയോഗിക്കുന്നതിലും അമേരിക്കയെയും പാശ്ചാത്യ ശക്തികളെയും വെല്ലാൻ ലോകത്ത് മറ്റാർക്കുമാവില്ലെന്ന് പ്രമുഖ പ്രഭാഷകനും കേരള ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനുമായ അഡ്വ: മായൻ കുട്ടി മേത്തൻ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഇസ്ലാഹി സെന്റർ യു. എ. ഇ ഘടകം ദുബൈ അൽമനാർ ഖുർആൻ സ്റ്റഡി സെന്റർ അങ്കണത്തിൽ സംഘടിപ്പിച്ച പഠന ശിബിരത്തിൽ, തീവ്രവാദം: വിവിധ മുഖങ്ങൾ എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

സ്വന്തം ജനങ്ങളുടെയും മണ്ണിന്റെയും സുരക്ഷിതത്വത്തിനു വേണ്ടിയായി രുന്നുവെങ്കിൽ തൊട്ടടുത്ത അയൽ രാജ്യങ്ങളായ മെക്സിക്കോയിലും കാനഡയിലുമൊക്കെയായിരുന്നു അമേരിക്ക ആക്രമണങ്ങൾ നടത്തേണ്ടിയിരുന്നത്. എന്നാൽ, തങ്ങളുടെ അതിരുകളിൽ നിന്ന് ആയിരക്കണക്കിനു മൈലുകൾ അകലെയുള്ള ഹിരോഷിമയിലും നാഗാസാഖിയിലും വിയറ്റ്നാമിലും അംഗോളയിലും നിക്കാരഗ്വായിലും അഫ്ഗാനിസ്താനിലും ഇറാഖിലും ഇടപ്പെട്ട് ഭീകരത നടപ്പാക്കിയത് ആരുടെ സുരക്ഷക്കു വേണ്ടിയായിരുന്നു? പേൾ ഹാർബൻ ആക്രമണത്തിൽ മരണമടഞ്ഞത് വെറും ആയിരത്തിൽ താഴെ ആളുകളായിരുന്നു. അതിന് ഭീകരമായ പ്രതിക്രിയയാണ് അമേരിക്ക ചെയ്ത്; പേൾ ഹാർബർ എന്ന് ജീവിതത്തിൽ കേൾക്കുക കൂടി ചെയ്യാത്ത രണ്ടേകാൽ ലക്ഷം മനുഷ്യരെ കൊല്ലുകയും ഇനിയുമെത്രയോ പേരിൽ തലമുറകളിലേക്കു നീളുന്ന ജനിതക വൈകൃതങ്ങൾ തീർക്കുകയും ചെയ്ത ആറ്റം ബോംബു വർഷിച്ചത് ഭീകരതയല്ലാതെ മറ്റെന്തായിരുന്നു.

ബുഷ്-ബ്ലെയർ കൂട്ടുകെട്ട് ആവേശ പൂർവം കൊട്ടിഘോഷിച്ചു നടന്ന ഭീകരതയിൽ ഇസ്ലാമിനോ മുസ്ലിംകൾക്കോ ഒരു പങ്കുമില്ല. അല്ലെങ്കിലും ഭീകരകൃത്യങ്ങളിൽ കുത്തക അവകാശപ്പെടാൻ ആർക്കെങ്കിലുമാവുമെങ്കിൽ അത് പാശ്ചാത്യർക്കു തന്നെയാണ്. കുരിശു യുദ്ധവും തജ്ജന്യമായ ചോരക്കളങ്ങളും ലോകത്തിനു നൽകിയെന്ന് ചരിത്രകാരന്മാർ പറഞ്ഞത് ആരെക്കുറിച്ചാണ്?. ഇൻക്വിസിഷൻ എന്ന ക്രൂരമായ മതവിചാരണ നടപ്പിലാക്കി അഭിപ്രായ സ്വാതന്ത്ര്യത്തിന് പാശ്ചാത്യ സമൂഹത്തിൽ സ്ഥാനമില്ലെന്ന് ചരിത്രത്തോടു പറഞ്ഞതാരാണ്?. രണ്ട് ലോക യുദ്ധങ്ങൾ ലോകത്തിന്റെ മുതുകിൽ കെട്ടിവെച്ചതാരാണ്? ദക്ഷിണാഫ്രിക്കയെന്ന വർണവെറിയൻ രാഷ്ട്രത്തെ ഉപയോഗിച്ച് ആഫ്രിക്കയിലുടനീളം കുഴപ്പങ്ങൾ വിതച്ചു കൊണ്ടിരുന്നതാരാണ്? ഇസ്രായേൽ എന്ന തനി പോക്കിരി രാഷ്ട്രത്തെ കുടിയരുത്തി മധ്യ പൗരസ്ത്യ ദേശത്തും ഒരു വേള ഇസ്ലാമിക ലോകത്തൊന്നാകെ അസ്വസ്ഥത പരത്തിയതാരാണ്? ഒറ്റ ഉത്തരമേയുള്ളൂ; അമേരിക്കയും ബ്രിട്ടണും നേതൃത്വം നൽകുന്ന പാശ്ചാത്യ ശക്തികൾ. അദ്ദേഹം പറഞ്ഞു.

മത ഭീകരത വിതച്ചതും വളർക്കിയതും ഇതേ ശക്തികൾ തന്നെ. ബൈബ്ൾ പ്രവചനങ്ങൾ പുലർന്നു കാണുന്നതിനായി ജൂതന്മാർ ഒന്നടങ്കം ജറൂസലേമിൽ തിരിച്ചെത്തേണ്ടത് അനിവാര്യമാണെന്ന ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റ് തീവ്രവാദികളുടെ

ഇടപെടലായിരുന്നു സയണിസ്റ്റുകളുടെ സ്വപ്നങ്ങളെ സാക്ഷാത്കരിച്ചത്. അങ്ങനെയാണ് ബൽഫോർ പ്രഖ്യാപനം എന്ന സാമ്രാജ്യത്വ ചതിയിലൂടെ, മാളയിലും മട്ടാഞ്ചേരിയിലുമെല്ലാം അല്ലലും അലട്ടലുമില്ലാതെ ജീവിച്ചിരുന്ന ജൂതന്മാരെ ഫലസ്തീനിൽ കുടിയിരുത്തിയത്; ആയിരത്താണ്ടുകളായി അവിടെ ജീവിച്ചിരുന്ന തദ്ദേശ വാസികളെ ആട്ടിപ്പായിച്ചു കൊണ്ടായിരുന്നു ഇത്.

അതേ സമയം തദ്ദേശവാസികളുടെ ചെറുത്തു നിൽപ്പിന് മതകീയ ഛായ ഉണ്ടായിരുന്നില്ല. തങ്ങളുടെ മാതൃരാജ്യം അധിനിവേശക്കാരിൽ നിന്ന് മോചിപ്പിക്കാൻ മുസ്ലിംകളും ക്രിസ്ത്യനികളും സംയുക്തമായ ചെറുത്തു നിൽപ്പകളാണ് നടത്തിയത്. ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു? ഇസ്രയേലിന്റെ മത ഭീകരത ജീവിക്കാനുള്ള അവകാശവും, മതേതരവും രാഷ്ട്രീയവുമായ ചെറുത്തു നിൽപ്പ് ഭീകരതയുമായി. ഇറാഖി ജനതയുടെ ചെറുത്തു നിൽപ്പ് മതപരമായ ഒന്നല്ല, തികച്ചും മതേതരമാണത്. മേത്തർ പറഞ്ഞു.

പാശ്ചാത്യ ലോകത്തിന്റെ ഈ ഇരട്ടത്താപ്പും വഞ്ചനയുമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോംബെറിഞ്ഞും ചാവേറാക്രമണം നടത്തിയും നിരപരാധരെ കൊന്നു കൂട്ടുന്ന മത ഭ്രാന്തന്മാർക്ക് വളമാകുന്നത്. എന്തിനുവേണ്ടിയാണെന്നില്ലാതെ ഭീകരാക്രമണങ്ങൾ നടത്തുന്നവർ കൊന്നു കൂട്ടിയവരിൽ തൊണ്ണൂറു ശതമാനവും മുസ്ലിംകളാണ്. ലോകത്തെ മൊത്തം ഇസ്ലാമിന്റെ ശത്രു പക്ഷത്തു നിർത്താൻ കച്ച കെട്ടിയിറങ്ങിയ ഇസ്ലാമിന്റെ ശത്രുക്കളാണവർ. ഒരു നിരപരാധിയെ കൊന്നാൽ ലോകത്തെ മുഴുവൻ ജനങ്ങളെയും കൊന്നതിനു സമമായി എന്ന ഖുർആൻ വചനം ഇവർക്ക് കൃത്യമാണ്.

സ്വന്തം മതമനുസരിച്ച് ജീവിക്കാനും അത് പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുള്ള ഇന്ത്യാ രാജ്യത്തെയും ഈ ആളുകൾ ശത്രു പട്ടികയിലാണ് ഉൾപ്പെടുത്തിയിരുക്കുന്നത്. സഹിഷ്ണുക്കളും നല്ലവരുമായ ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള രാജ്യമാണ് ഇന്ത്യ. വിവേചനങ്ങൾ നിലനിൽക്കുന്നില്ല എന്നല്ല; വിവേചനങ്ങൾ മായിച്ചു കളയാൻ സർക്കാർ തലത്തിൽ തന്നെ പലതും ചെയ്യുന്നുണ്ട്.

രാജ്യത്ത് മുസ്ലിംളുടെ നേരെയുള്ള അനീതികൾ പുറത്തു കൊണ്ടു വരുന്നത് അമുസ്ലിംകളായ മാധ്യമ പ്രവർത്തകരാണ്. അത് കാണാതിരുന്നു കൂടാ. എന്നാൽ പലപ്പോഴും പാശ്ചാത്യ മീഡിയയെ അനുകരിച്ച് തങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടി മീഡിയ മുസ്ലിംകളെ അനാവശ്യമായി കുത്തിനോവിക്കുന്നുവെന്ന് ഉദാഹരണ സഹിതം അദ്ദേഹം വിശദീകരിച്ചു.

യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയരിക്കണക്കിനാളുകൾ പങ്കെടുത്ത പരിപാടിയിൽ നേരത്തെ ഹുസൈൻ സലഫി, ‘ത്വരീഖത്ത്: വിഴിയോ, വഴികേടോ’ എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. ഇസ്ലാഹി സെന്റർ പ്രസിഡൻഡ് എ.പി. അബ്ദുസ്സമദ് അധ്യക്ഷനായിരുന്നു. ജന.സെക്രട്ടറി സി.ടി. ബഷീർ സ്വാഗതവും അബൂ ബക്കർ ഫാറുഖി നന്ദിയും പറഞ്ഞു.